## എം.കെ മൊയ്തു



കഴിഞ്ഞ മാർച്ച് 6-നായിരുന്നു ബാപ്പയുടെ മരണം. കുറച്ചു കാലമായി ദീനം പിടിച്ച് കിടപ്പായിരുന്നു. ശയ്യാവലംബിയാകും വരെ പ്രസ്ഥാന പ്രവർത്തനങ്ങളിൽ സജീവമായിരുന്നു. ജമാഅത്തിന്റെ ആദ്യകാല റുക്നുകളിൽ ഒരാളാണദ്ദേഹം.

ചേന്ദമംഗല്ലൂർ, വെസ്റ്റ് കൊടിയത്തൂർ, പന്നിക്കോട്, മുറമ്പാത്തി തുടങ്ങിയവയായിരുന്നു ബാപ്പയുടെ പ്രവർത്തന മണ്ഡലങ്ങൾ. ചികിത്സയും പ്രസ്ഥാന പ്രവർത്തനവും ഒന്നിച്ച് കൊണ്ടു പോകുന്ന രീതിയായിരുന്നു ബാപ്പയുടേത്. ആദ്യകാലത്ത് നടന്ന പല മദ്റസാ വാർഷികങ്ങളും സംഘടിപ്പിക്കുന്നതിൽ അദ്ദേഹത്തിന്റെ പങ്ക് വലുതായിരുന്നു. വെസ്റ്റ് ചേന്ദമംഗല്ലൂർ, ചെറുവാടി, കഴുത്തുട്ടി പുറായ്, മുറമ്പാത്തി, കുന്ദമംഗലം എന്നിവിടങ്ങളിൽ അദ്ദേഹത്തിന്റെ പരിശ്രമ ഫലമായി ജനപങ്കാളിത്തത്തോടെയുള്ള മദ്റസാ വാർഷികങ്ങൾ വിപുലമായി നടന്നിട്ടുണ്ട്. അത്തരം പരിപാടികൾ അവിടങ്ങളിൽ പ്രസ്ഥാന വളർച്ചക്കും സഹായകമായി. കുന്ദമംഗലത്ത് സുന്നി പ്രവർത്തകർ സംഘടിപ്പിച്ച മത പ്രഭാഷണ പരമ്പരകളിൽ അദ്ദേഹത്തിന്റെ ശ്രമഫലമായി കുട്ടികളുടെ ഗാനവിരുന്ന് നടക്കുകയുണ്ടായി. മതസംഘടനകൾ തമ്മിലുള്ള പരസ്പര ബന്ധം ശക്തിപ്പെടാൻ ഇത് നിമിത്തമാവുകയും ചെയ്തു.

മാപ്പിളപ്പാട്ടിനെ സ്നേഹിച്ച അദ്ദേഹം നിരവധി ഗാനങ്ങൾ രചിച്ചിട്ടുണ്ട്. മദ്റസാ വാർഷികങ്ങളുമായി ബന്ധപ്പെട്ടതാണ് രചനകളേറെയും. രണ്ട് ഭാര്യമാരിലായി 14 മക്കളുണ്ട്. 9 ആൺമക്കളും 5 പെൺമക്കളും. ഒരാൾ -ഇസ്ഹാഖ് പൊറ്റശ്ശേരി- നേരത്തെ വണ്ടൂരിൽ വാഹനാപകടത്തിൽ മരണപ്പെട്ടു.

**സുബൈർ കുന്ദമംഗലം**

## സി.പി ബാവകുട്ടി ഹാജി



**മലപ്പുറം** ജില്ലയിലെ പുറത്തൂർ കുറുമ്പടി ഘടകത്തിന്റെ മുൻ സെക്രട്ടറിയും നാസിമുമായിരുന്നു സി.പി ബാവകുട്ടി ഹാജി. ഹൽഖായോഗത്തിൽ പങ്കെടുത്ത ശേഷം വീട്ടിലെത്തി, ഭക്ഷണം കഴിഞ്ഞ ഉടൻ അല്ലാഹുവിന്റെ വിളിക്കുത്തരംനൽകി വിടപറഞ്ഞു.

കുറുമ്പടി ഇസ്‌ലാമിക് കൾച്ചർ സൊസൈറ്റി(ഐ.സി.എസ്)യുടെ ദീർഘകാല സെക്രട്ടറിയും നിലവിലെ പ്രസിഡന്റും, ഇസ്‌ലാമിക് മിഷ്യൻ ട്രസ്റ്റ് സെക്രട്ടറിയുമായിരുന്നു അദ്ദേഹം. പള്ളി, മദ്രസ തുടങ്ങിയവയുടെ നടത്തിപ്പിൽ സജീവ സാന്നിധ്യമായിരുന്നു. നാളികേരം വലിച്ചുകൂട്ടുന്ന, പള്ളിയുടെ അകവും പുറവും വൃത്തിയാക്കുന്ന, കക്കൂസും മൂത്രപ്പുരയും ഹൗളും സ്വന്തം കരങ്ങൾകൊണ്ട് ശുചീകരിക്കുന്ന, ബാങ്കും ഇമാമത്തും നിർവ്വഹിക്കുന്ന, സമയാസമയങ്ങളിൽ പള്ളിയുമായി നിരന്തരഹൃദയബന്ധം പുലർത്തിയ വ്യക്തിയായിരുന്നു അദ്ദേഹം.

ഇടപാടുകളിൽ കൃത്യനിഷ്ഠയും അനാമത്ത് സൂക്ഷിപ്പിലുള്ള കണിശതയും പള്ളി, മദ്രസ, ട്രസ്റ്റുകൾ തുടങ്ങിയവയുടെ പ്രമാണങ്ങളും രേഖകളും സൂക്ഷിക്കുന്നതിനുള്ള പ്രത്യേക സൂക്ഷ്മതയും എടുത്തുപറയാതിരിക്കാൻവയ്യ.

**പി.ഇ മുഹമ്മദ്കുട്ടി**



## കുഞ്ഞിബി

**പുതിയങ്ങാടി** ഘടകത്തിന്റെ മുൻ നാസിം മൊയ്തീൻ സാഹിബിന്റെ ഭാര്യയാണ് കുഞ്ഞിബി. വനിതാ ഹൽഖ തുടങ്ങിയ കാലം മുതൽ അവരുടെ സജീവ സാന്നിധ്യം ഹൽഖയിൽ ഉണ്ടായിരുന്നു. വാരാന്ത്യയോഗങ്ങളിൽ പങ്കെടുക്കുന്നതിൽ കണിശത പുലർത്തിയിരുന്നു. ഖുർആൻ പഠന കാര്യത്തിൽ എഴുതാൻ പ്രയാസമുണ്ടെങ്കിലും പ്രായം അവഗണിച്ച് പഠിച്ചു വരുന്നതിൽ ശുഷ്കാന്തി കാണിച്ചിരുന്നു. തന്റെ പ്രയാസങ്ങളും വിഷമങ്ങളും സന്തോഷങ്ങളും മനസ്സ് തുറന്ന് പങ്കുവെക്കാൻ സമയം കണ്ടെത്തുമായിരുന്നു. എപ്പോഴും എല്ലാവർക്കും ധൈര്യം നൽകും. അല്ലാഹുവിന്റെ വിധിയിൽ തൃപ്തിപ്പെടുകയും പ്രയാസങ്ങൾ സഹിക്കാനുള്ള മനക്കരുത്തിന് വേണ്ടി പ്രാർഥിക്കുകയും ചെയ്യും.

**മൈമൂന**

## താഹിറ അബ്ദുൽ ഖാദർ



**ഏറ്റെടുത്ത** ഉത്തരവാദിത്വം വളരെ ഭംഗിയായി നൈരന്തര്യത്തോടെ നിർവഹിക്കുന്നവരായിരുന്നു മാള-വലിയപറമ്പ് വനിതാ ഘടകം നാസിമത്ത് താഹിറ അബ്ദുൽ ഖാദർ.

ഖുർആൻ പഠനത്തിൽ ഏറെ താൽപര്യം കാണിക്കുകയും മറ്റുള്ളവരെ അതിലേക്ക് ക്ഷണിക്കാനായി സ്ഥിരമായി സ്ക്വാഡ് പോവുകയും ചെയ്തിരുന്നു താഹിറത്ത. മരണപ്പെട്ട ദിവസം പോലും സ്ക്വാഡ് പോവാൻ തീരുമാനിക്കപ്പെട്ടിരുന്നു. അറുപതാം വയസ്സിലും യുവത്വത്തിന്റെ ചുറുചുറുക്കോടെ രോഗങ്ങളെ അവഗണിച്ചു പ്രസ്ഥാന പ്രവർത്തനങ്ങളിൽ വ്യാപൃതയായിരുന്നു.

സ്വന്തത്തെ പോലെ തന്റെ മക്കളെയും പ്രസ്ഥാന പ്രവർത്തകരാക്കാൻ സാധിച്ച മാതൃകാ കുടുംബിനിയായിരുന്നു അവർ. മക്കളെയും മരുമക്കളെയും പേരമക്കളെയും ഒരുപോലെ സ്നേഹം കൊണ്ട് മൂടി. എല്ലാവരോടും പുഞ്ചിരിക്കുന്ന മുഖത്തോടെ 'കുഞ്ഞേ' എന്നഭിസംബോധന ചെയ്തുകൊണ്ടുള്ള ആ സംസാരം ആരുടെയും മനസ്സിൽ നിന്നും മായുന്നില്ല.

എറണാകുളത്തുള്ള ബന്ധുവീട്ടിൽ പോയി തിരിച്ചുവരുമ്പോഴാണ്, വലിയ പറമ്പ് ഘടകം നാസിമും ഭർത്താവുമായ അബ്ദുൽ ഖാദർ സാഹിബും അവരും സഞ്ചരിച്ചിരുന്ന ബൈക്കിൽ ലോറിയിടിച്ച് മരണം സംഭവിച്ചത്. അബ്ദുൽ ഖാദർ സാഹിബ് ചികിത്സയിലാണ്.

**ആസ്യ ജാഫർ വലിയപറമ്പ്**


## കെ.ഐ അൻവർ



**പെരുമ്പാവൂരിലെ** ജനങ്ങൾക്ക് പ്രിയപ്പെട്ടവനും പ്രസ്ഥാന രംഗത്ത് സജീവ സാന്നിധ്യവുമായിരുന്നു പെരുമ്പിലാവിൽ വാഹനാപകടത്തിൽ മരണപ്പെട്ട അൻവർ. ജമാഅത്തെ ഇസ്ലാമി പാറപ്പുറം സെക്രട്ടറിയും സോളിഡാരിറ്റി പെരുമ്പാവൂർ ടൗൺ സെക്രട്ടറിയുമായിരുന്നു. അൻവറിന്റെ വിയോഗ വാർത്ത പ്രസ്ഥാന പ്രവർത്തകരും നാട്ടുകാരും ഞെട്ടലോടെയാണ് ശ്രവിച്ചത്. കൈതളർന്ന ബാപ്പയെ ദിവസവും പള്ളിയിൽ കൊണ്ട് വരുന്നതും കൊണ്ടുപോകുന്നതും അൻവറായിരുന്നു. എപ്പോഴും സുസ്മേരവദനനായി കാണാറുള്ള അൻവർ ഏൽപിക്കപ്പെടുന്ന ഉത്തരവാദിത്വങ്ങൾ കൃത്യമായും കണിശമായും നിർവഹിക്കുന്നതിൽ സദാ ജാഗരൂകനായിരുന്നു. വലിയൊരു സുഹൃദ് വലയത്തിന് ഉടമയായിരുന്നു. പ്രസ്ഥാന പ്രവർത്തകർക്ക് പകർത്താൻ ഒട്ടുവളരെ ഉദാത്ത മാതൃകകൾ ബാക്കിവെച്ചുകൊണ്ടാണ് അൻവർ യാത്രയായത്.

**എം.പി അസൈനാർ കണ്ടന്തറ**

## പി.കെ അഹമ്മദ് കുഞ്ഞി



**പടന്നയിലെ** ഇസ്ലാമിക പ്രസ്ഥാനത്തിന്റെയും സ്ഥാപനങ്ങളുടെയും സജീവപ്രവർത്തകനായിരുന്നു അഹമ്മദ് കുഞ്ഞി സാഹിബ്(62). അനാചാരങ്ങളും അന്ധവിശ്വാസങ്ങളും തഴച്ച് വളർന്ന ഈ പ്രദേശത്ത് മുഹമ്മദ് കുഞ്ഞി സാഹിബടക്കം ഏതാനും ചെറുപ്പക്കാർ 1964-ൽ 'ഇസ്ലാമിക് സ്റ്റഡി സെന്റർ' സ്ഥാപിച്ചു. ക്രൂരമായ മർദനങ്ങളും പീഡനങ്ങളും ഏറ്റുവാങ്ങേണ്ടി വന്നപ്പോൾ ധീരമായി തന്നെ നേരിട്ടു അദ്ദേഹം. പിന്നീട് ജമാഅത്തെ ഇസ്ലാമി ഹൽഖ രൂപീകൃതമായപ്പോൾ അതിന്റെ സെക്രട്ടറി സ്ഥാനം വഹിക്കുകയും 1971ൽ ഐ.സി.റ്റി സ്ഥാപിക്കുമ്പോൾ സാമുദായിക-രാഷ്ട്രീയ മേഖലയിൽനിന്നും കഠിനമായ എതിർപ്പുകളെ അവഗണിച്ചുകൊണ്ട് അതിന്റെ സെക്രട്ടറി സ്ഥാനം വഹിക്കുകയും ചെയ്തു. 1989-ൽ സ്ഥാപിതമായ മസ്ജിദ് ഉമർഫാറൂഖിന്റെ മേൽനോട്ടം മരിക്കുന്നത് വരെ നിർവഹിച്ചു. ഐ.പി.എച്ചിന്റെ സാഹിത്യങ്ങൾ ധാരാളമായി വായിക്കുന്നതോടൊപ്പം മുസ്ലിം- അമുസ്ലിം സഹോദരങ്ങൾക്ക് ഇസ്ലാമിക സാഹിത്യങ്ങൾ എത്തിച്ച് കൊടുക്കുകയും ചെയ്യുമായിരുന്നു.

**പി.എൻ ഹമീദ് ഹാജി പടന്ന**

*പരേതരെ അല്ലാഹു മഗ്ഫിറത്തും
മർഹമത്തും നൽകി
അനുഗ്രഹിക്കുമാറാകട്ടെ - ആമീൻ.*